ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 06.05.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയും വിയറ്റ്നാം പ്രസിഡൻറ് തോ ലാമും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഡിജിറ്റൽ പേയ്മെൻറ് സംവിധാനം ഉൾപ്പടെ വിവിധ മേഖലകളിൽ ഇന്ത്യയും വിയറ്റ്നാമും ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു.

   Prime Minister Narendra Modi and Vietnam President Tô Lâm held talks in New Delhi. India and Vietnam signed agreements in various sectors, including digital payment systems.

2. പശ്ചിമ ബംഗാളിൽ പുതിയ സർക്കാർ ശനിയാഴ്ച സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. തമിഴ്നാട്ടിൽ സർക്കാർ രൂപീകരിക്കാൻ അവകാശവാദം ഉന്നയിച്ച് ടിവികെ നേതാവ് വിജയ് ഗവർണർക്ക് കത്ത് സമർപ്പിച്ചു.

   The new government in West Bengal will take oath on Saturday. In Tamil Nadu, TVK leader Vijay met Governor staking claim to form the government.

3. കേരളത്തിൽ സർക്കാർ രൂപീകരണ ചർച്ചകൾ പുരോഗമിക്കുന്നു. കോൺഗ്രസ് നിയമസഭ കക്ഷി യോഗം നാളെ .

Discussions on government formation are progressing in Kerala. The Congress Legislative Party meeting will be held tomorrow.

4. ഇലക്ട്രിക് വാഹന ബാറ്ററികളുടെ പുനരുപയോഗ ശേഷി വർദ്ധിപ്പിക്കുന്നതിന് 169 കോടി രൂപയുടെ പദ്ധതിക്ക് തുടക്കം കുറിച്ച് ഇന്ത്യയും യൂറോപ്യൻ യൂണിയനും.

India and the European Union have launched a ₹169 crore project to enhance the recycling capacity of electric vehicle batteries.

5. വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ 10 ജില്ലകളിൽ മഴ മുന്നറിയിപ്പ്.

The India Meteorological Department has forecast isolated heavy rainfall in the northeastern states. Rain alerts have been issued for 10 districts in Kerala.

6. ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് പഞ്ചാബ് എഫ് സി , ചെന്നൈയിൻ എഫ് സി പോരാട്ടം.

In the Indian Super League football, Punjab FC will face Chennaiyin FC today.

## REV. NEW PM-VIETNAM PREZ (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയും വിയറ്റ്നാം പ്രസിഡന്റ് തോ ലാമും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഡിജിറ്റൽ സാങ്കേതികവിദ്യ, പൊതുമേഖലാ ഓഡിറ്റ്, ഡിജിറ്റൽ പേയ്മെന്റ് സംവിധാനം, സംസ്കാരം, ടൂറിസം തുടങ്ങിയ വിവിധ മേഖലകളിൽ ഇന്ത്യയും വിയറ്റ്നാമും ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു.

*വിശദാംശങ്ങളിലേക്ക്......*
*(ഹോൾഡ് വോയ്സ്)*

❋❋❋❋❋❋❋❋❋❋❋❋❋

## REV. NEW PM-VIETNAM PREZ (VOICE)

പരസ്പര താൽപര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയും വിയറ്റ്നാം പ്രസിഡന്റ് തോ ലാമും ഉഭയകക്ഷി ചർച്ചകൾ നടത്തി . ഇന്ത്യയും വിയറ്റ്നാമും തമ്മിലുള്ള പങ്കാളിത്തത്തിൽ, പൈതൃകത്തിനും വികസനത്തിനും പ്രാധാന്യമുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. വിയറ്റ്നാമിന്റെ സഹകരണത്തോടെ ഇന്ത്യ ആസിയാനുമായുള്ള ബന്ധം വിപുലമാക്കുമെന്നും അദ്ദേഹം പറഞ്ഞു. വിയറ്റ്നാമിലെ പുരാതന ചമ്പ നാഗരികതയുടെ ഭാഗമായ മൈ സൺ , നാൻ താവു ക്ഷേത്രങ്ങൾ ഇന്ത്യ

പുനരുദ്ധരിക്കുകയാണെന്നും ശ്രീ മോദി പറഞ്ഞു. ചമ്പ നാഗരികതയിലെ പുരാതന കൈയെഴുത്തുപ്രതികൾ ഡിജിറ്റൈസ് ചെയ്യുമെന്നും വിലമതിക്കാനാവാത്ത ഈ പൈതൃകം വരുംതലമുറകൾക്കായി സംരക്ഷിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ഔഷധ മേഖലയിലെ പുതിയ ധാരണാപത്രം വിയറ്റ്നാമിൽ ഇന്ത്യൻ മരുന്നുകളുടെ ലഭ്യത വർദ്ധിപ്പിക്കും. കൃഷി, മത്സ്യബന്ധനം, മൃഗ ഉൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി കൂടുതൽ സുഗമമാകും. ഇന്ത്യയുടെ യുപിഐ സംവിധാനവും വിയറ്റ്നാമിലെ ഫാസ്റ്റ് പേയ്മെന്റ് സിസ്റ്റവും പരസ്പരം ബന്ധിപ്പിക്കും. ഇന്ത്യയുടെ 'ആക്ട് ഈസ്റ്റ്' 'വിഷൻ ഓഷ്യൻ' നയങ്ങളുടെയും പ്രധാന തൂണാണ് വിയറ്റ്നാമെന്ന് പ്രധാനമന്ത്രി വിശേഷിപ്പിച്ചു. പ്രതിരോധ-സുരക്ഷാ സഹകരണം ശക്തമാക്കുന്നതിലൂടെ മേഖലയിലെ സമാധാനത്തിനും സുസ്ഥിരതയ്ക്കും ഇരു രാജ്യങ്ങൾക്കും സംഭാവന നൽകാനാകുമെന്നും ശ്രീ മോദി പറഞ്ഞു.

ന്യൂസ് ഡസ്ക് ആകാശവാണി....

## HARDEEP - INDIA-VIETNAM

ഇന്ത്യയും വിയറ്റ്നാമും തമ്മിലുള്ള ശക്തമായ പങ്കാളിത്തത്തെയും സൗഹൃദത്തെയും പ്രതിഫലിപ്പിക്കുന്നതാണ് വിയറ്റ്നാം പ്രസിഡന്റ് തോ ലാമിന്റെ സന്ദർശനമെന്ന് കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ

ശക്തമാകുന്നതിൻറെ തെളിവാണ് സന്ദർശനമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## WB-SWEARING IN

പശ്ചിമ ബംഗാളിലെ പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങ് ഈ മാസം 9-ന് ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ നടക്കും. രാവിലെ 10 മണിക്ക് ചടങ്ങുകൾ ആരംഭിക്കുമെന്ന് സംസ്ഥാന ബിജെപി അധ്യക്ഷൻ സമിക് ഭട്ടാചാര്യ മാധ്യമപ്രവർത്തകരോട് പറഞ്ഞു. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രിയും പാർട്ടി നേതാവുമായ അമിത് ഷാ, ബിജെപി ഭരിക്കുന്ന വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. അതേസമയം, നിയുക്ത തൃണമൂൽ കോൺഗ്രസ് എംഎൽഎമാരുടെ യോഗം വിളിച്ചുചേർത്ത് പാർട്ടി അധ്യക്ഷ മമതാ ബാനർജി. വിജയിച്ച 80 സ്ഥാനാർത്ഥികളിൽ 69 പേർ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## REV TN-POLITICAL SITUATION

തമിഴ്നാട്ടിൽ സർക്കാർ രൂപീകരിക്കാനുള്ള അവകാശവാദം ഉന്നയിച്ച് ടിവികെ നേതാവ് വിജയ് ഇന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറെ സന്ദർശിച്ച് കത്ത് സമർപ്പിച്ചു. ഭൂരിപക്ഷം തെളിയിക്കാൻ ടിവികെ രണ്ടാഴ്ചത്തെ സമയവും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

നിയമസഭാ തിരഞ്ഞെടുപ്പിൽ തമിഴ്നാട്ടിലെ ഏറ്റവും വലിയ ഒറ്റക്കക്ഷിയായി മാറിയ ടിവികെയിൽ നിന്നും 108 സ്ഥാനാർത്ഥികളാണ് വിജയിച്ചത്. സർക്കാർ രൂപീകരണത്തിന് വേണ്ട ഭൂരിപക്ഷം 118 ആണെന്നിരിക്കെ മറ്റ് പാർട്ടികളുടെ പിന്തുണയ്ക്കായി ടിവികെ ചർച്ച ആരംഭിച്ചു കഴിഞ്ഞു. ടിവികെ നയിക്കുന്ന സർക്കാരിനെ കോൺഗ്രസ് പാർട്ടി ഔദ്യോഗികമായി പിന്തുണയ്ക്കുമെന്ന് കോൺഗ്രസ് എംപി കാർത്തി ചിദംബരം ഇന്ന് മാധ്യമങ്ങളോട് പറഞ്ഞു. എഐഎഡിഎംകെയിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട എംഎൽഎമാരിൽ ഒരു വിഭാഗം ടിവികെയെ പിന്തുണയ്ക്കുമെന്നും റിപ്പോർട്ടുണ്ട്.

**KERALA ELECTION**

നിയമസഭ തിരഞ്ഞെടുപ്പിൻറെ ഫലപ്രഖ്യാപനത്തിന് പിന്നാലെ, സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ കേരളത്തിൽ പുരോഗമിക്കുകയാണ്. നിയുക്ത എംഎൽഎ മാരുടെ ആദ്യ നിയമസഭ കക്ഷി യോഗം കെപിസിസി ആസ്ഥാനത്ത് നാളെ രാവിലെ ചേരും. അതേസമയം,

നിയമസഭാ തിരെഞ്ഞെടുപ്പിൽ ഉണ്ടായത് അപ്രതീക്ഷിത പരാജയമെന്ന് സി പി ഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു. സി പി ഐ എം സംസ്ഥാന സെക്രട്ടേറിയേറ്റ് യോഗത്തിനു ശേഷം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജനങ്ങളുടെയും, പാർട്ടി പ്രവർത്തകരുടെയും അഭിപ്രായം കേട്ട് ആവശ്യമായ തിരുത്തലുകൾ വരുത്തുമെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## 15TH KERALA LEGISLATIVE ASSEMBLY

കാലാവധി പൂർത്തിയായതിനെ തുടർന്ന് പതിനഞ്ചാം കേരള നിയമസഭ പിരിച്ചുവിട്ട് ഗവർണർ വിജ്ഞാപനം പുറത്തിറങ്ങി. ഭരണഘടനയിലെ അനുച്ഛേദം 174(2)(b) പ്രകാരമാണ് നടപടി.

❁❁❁❁❁❁❁❁❁❁❁❁❁

## ECINET

2026-ലെ നിയമസഭാ പൊതുതിരഞ്ഞെടുപ്പുകളിലും ഉപതിരഞ്ഞെടുപ്പുകളിലും സുതാര്യത വർദ്ധിപ്പിക്കുന്നതിനും തത്സമയ നിരീക്ഷണത്തിനും വേഗത്തിലുള്ള റിപ്പോർട്ടിംഗിനും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഐടി പ്ലാറ്റ്ഫോമായ ഇസിനെറ്റ് നിർണ്ണായക പങ്ക് വഹിച്ചതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ . 2026 ജനുവരിയിലെ ഔദ്യോഗിക ലോഞ്ചിന് ശേഷം, ഇസിനെറ്റ് ആപ്പ് ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ വൻ വർദ്ധനവാണ് രേഖപ്പെടുത്തിയത്. ഇസിനെറ്റിലെ സൈബർ സുരക്ഷാ സംവിധാനങ്ങൾ വഴി, വോട്ടെണ്ണൽ ദിവസം പ്രധാന തിരഞ്ഞെടുപ്പ് പ്ലാറ്റ്ഫോമുകളെ ലക്ഷ്യമിട്ട് ഉണ്ടായ 68 ലക്ഷത്തിലധികം സൈബർ

ആക്രമണങ്ങളെ ഫലപ്രദമായി പ്രതിരോധിച്ചെന്നും ആദ്യമായി ക്യുആർ കോഡ്അധിഷ്ഠിത ഫോട്ടോ തിരിച്ചറിയൽ കാർഡ് സംവിധാനം നടപ്പിലാക്കിയെന്നും കമ്മിഷൻ അറിയിച്ചു .

## INDIA-EU EV

ഇലക്ട്രിക് വാഹന ബാറ്ററികളുടെ പുനരുപയോഗ ശേഷി വർദ്ധിപ്പിക്കുന്നതിനായി 169 കോടി രൂപയുടെ പദ്ധതി ആരംഭിച്ച് ഇന്ത്യയും യൂറോപ്യൻ യൂണിയനും. ഇന്ത്യ-യൂറോപ്യൻ യൂണിയൻ ട്രേഡ് ആൻഡ് ടെക്നോളജി കൗൺസിലിന്റെ വർക്കിംഗ് ഗ്രൂപ്പിന് കീഴിലാണ് ഈ സംരംഭം നടപ്പിലാക്കുന്നത്. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തിലെ നിർണ്ണായകമായ നിമിഷമാണിതെന്ന് കേന്ദ്ര സർക്കാരിന്റെ മുഖ്യ ശാസ്ത്ര ഉപദേഷ്ടാവ് പ്രൊഫ. അജയ് കുമാർ സൂദ് പറഞ്ഞു.

## BRICS

ഇന്ത്യയുടെ ബ്രിക്സ് പ്രസിഡൻസിക്ക് കീഴിലുള്ള എംപ്ലോയ്മെന്റ് വർക്കിംഗ് ഗ്രൂപ്പിന്റെ രണ്ടാമത് യോഗം തിരുവനന്തപുരത്ത് ഇന്ന് ആരംഭിച്ചു. രണ്ട് ദിവസത്തെ യോഗത്തിൽ ബ്രിക്സ് അംഗ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്. സാമൂഹിക

സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തൽ, തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നിവയെക്കുറിച്ചുള്ള ചർച്ചകളാണ് യോഗത്തിൽ നടക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**SUJATA SHARMA (INTRO)**

ഗാർഹിക എൽ.പി.ജി വിതരണം സാധാരണ നിലയിലാണെന്നും പാചകവാതക ക്ഷാമം റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും കേന്ദ്ര സർക്കാർ. ഗാർഹിക എൽ.പി.ജിയുടെ വിതരണം പൂർണമായും സർക്കാർ ഉറപ്പാക്കിയതായും വാണിജ്യ സിലിണ്ടർ വിതരണം 70 ശതമാനം വരെ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും പെട്രോളിയം പ്രകൃതിവാതക മന്ത്രാലയ ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ പറഞ്ഞു. സിലിണ്ടർ വിതരണത്തിന്റെ ഏകദേശം 95 ശതമാനവും ഡെലിവറി ഓതന്റിക്കേഷൻ വഴിയാണ് പൂർത്തിയാക്കുന്നത്. കഴിഞ്ഞ രണ്ട് ദിവസങ്ങളിലെ 88.82 ലക്ഷം ബുക്കിംഗുകളിൽ 87.28 ലക്ഷം സിലിണ്ടറുകൾ വിതരണം ചെയ്തതായും അവർ പറഞ്ഞു.

(ഹോൾഡ് വോയ്സ്......)

❁❁❁❁❁❁❁❁❁❁❁❁❁

**WEATHER**

കേരളത്തിൽ അടുത്ത 5 ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ജില്ലകളും, കോഴിക്കോടും, വയനാടും ഉൾപ്പെടെ സംസ്ഥാനത്തെ 10 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ് . നാളെ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ പകൽച്ചൂട് തുടരുന്ന സാഹചര്യത്തിൽ സൂര്യാഘാതമുൾപ്പടെയുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്കെതിരെ മുൻകരുതൽ സ്വീകരിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

## IMD WEATHER

കേരളത്തിന് പുറമേ അരുണാചൽപ്രദേശ്, അസം, മേഘാലയ, ബിഹാർ, മാഹി, പശ്ചിമബംഗാളിലെ ഹിമാലയൻ മേഖല, സിക്കിം, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആൻഡമാൻ നിക്കോബർ ദ്വീപുകൾ, അസം, മേഘാലയ, കിഴക്കൻ രാജസ്ഥാൻ, ഹരിയാന, ചണ്ഡീഗഢ് എന്നിവിടങ്ങളിൽ ഇടിമിന്നലിനും ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## ISL

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് പഞ്ചാബ് എഫ് സി , ചെന്നൈയിൻ എഫ് സി പോരാട്ടം. ന്യൂഡൽഹിയിലെ ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

## IPL

ഐപിഎൽ ക്രിക്കറ്റിൽ ടോസ് നേടിയ പഞ്ചാബ് സൺറൈസേഴ്സ് ഹൈദരാബാദിനെ ബാറ്റിംഗിനയച്ചു. ഹൈദരാബാദിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

## SAINIK SCHOOL

അഖിലേന്ത്യാ സൈനിക് സ്കൂൾ പ്രിൻസിപ്പൽമാരുടെ സമ്മേളനം നാളെയും മറ്റെന്നാളും തിരുവനന്തപുരത്ത് നടക്കും. കഴക്കൂട്ടം സൈനിക സ്കൂളിൽ നടക്കുന്ന സമ്മേളനത്തിൽ പ്രതിരോധ സഹമന്ത്രി സഞ്ജയ് സേത്ത് അധ്യക്ഷത വഹിക്കും. രാജ്യത്തുടനീളമുള്ള 33 സൈനിക് സ്കൂളുകളിലെ പ്രിൻസിപ്പൽമാരടക്കം സമ്മേളനത്തിൽ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## CBFC–CHAIRMAN

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിനുകീഴിലെ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ ചെയർപേഴ്സണായി ശശി ശേഖർ വെമ്പതിയെ നിയമിച്ചു. മൂന്ന് വർഷത്തേക്കാണ് നിയമനം. സി.ബി.എഫ്.സി ചെയർപേഴ്സൺ പ്രസൂൺ ജോഷി, പ്രസാർ ഭാരതി ചെയർമാനായി നിയമിതനായതിനെത്തുടർന്നുള്ള ഒഴിവിലാണ് പുതിയ നിയമനം .

❁❁❁❁❁❁❁❁❁❁❁❁❁

## INDIA -JAPAN

ജപ്പാൻ ശാസ്ത്ര സാങ്കേതിക മന്ത്രി ഒനോഡ കിമി ഇന്ന് ന്യൂഡൽഹിയിൽ കേന്ദ്ര സഹമന്ത്രി ജിതേന്ദ്രസിംഗുമായി കൂടിക്കാഴ്ച നടത്തി. ആരോഗ്യ, മെഡിക്കൽ ഉപകരണ മേഖലകളിലെ സഹകരണത്തെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തു. ക്വാണ്ടം ടെക്നോളജി, സൈബർ-ഫിസിക്കൽ സിസ്റ്റംസ്, ക്ലീൻ എനർജി, തുടങ്ങിയവയിൽ സംയുക്ത ഗവേഷണം, വ്യാവസായിക പങ്കാളിത്തം എന്നിവയ്ക്കുള്ള പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നുവെന്ന് ശ്രീ.ജിതേന്ദ്ര സിംഗ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## TRUMP–IRAN

യുദ്ധവും ഉപരോധവും ഇറാനുമായുള്ള ഒരു കരാറിൽ അവസാനിക്കുമെന്നും, ഇറാൻ അതിന് സന്നദ്ധമല്ലെങ്കിൽ

ആക്രമണം കൂടുതൽ ശക്തമാക്കുമെന്നും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് . അമേരിക്കയുമായി കരാറിന് ഇറാൻ സമ്മതിച്ചാൽ ഓപ്പറേഷൻ എപ്പിക് ഫ്യൂറി അവസാനിക്കുമെന്നും സമൂഹമാധ്യമത്തിൽ ട്രംപ് അറിയിച്ചു. ഹോർമുസ് കടലിടുക്ക് ഇറാൻ ഉൾപ്പെടെ എല്ലാവർക്കുമായി അമേരിക്ക തുറന്നു നൽകുമെന്നും ട്രംപ് പറഞ്ഞു.